പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3258 — 20.06.2014- ൽ മറുപടിക്ക്

## അനാഥാലയങ്ങളും സാമ്പത്തിക സഹായവും

ചോദ്യം

ശ്രീ. ചിറ്റയം ഗോപകുമാർ

ഉത്തരം

ഡോ. എം.കെ. മുനീർ

(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | രജിസ്റ്റർ ചെയ്ത അനാഥാലയങ്ങളിലെ അന്തേവാസികളുടെ എണ്ണം ആൺ/പെൺ ഇനം തിരിച്ച് പ്രായപൂർത്തിയായവരുടെയും പ്രായപൂർത്തിയാകാത്തവരുടെയും വെവ്വേറെ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ; | (എ) | രജിസ്റ്റർ ചെയ്ത അനാഥാലയങ്ങളിലെ അന്തേവാസികളുടെ ആൺ/പെൺ ഇനംതിരിച്ച് പ്രായപൂർത്തിയായവരുടെയും പ്രായപൂർത്തിയാകാത്തവരുടെയും വെവ്വേറെ ജില്ലാ അടിസ്ഥാനത്തിലുള്ള ലിസ്റ്റ് ശേഖരിച്ച് സമർപ്പിക്കുന്നതാണ്. |
| (ബി) | നിയമാനുസൃതമല്ലാതെ പ്രവർത്തിച്ചുവരുന്നതുമായി ബന്ധപ്പെട്ട് എത്ര കേന്ദ്രങ്ങൾക്കെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് അറിയിക്കുമോ; | (ബി) | അനധികൃത അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് ത്രൈമാസ റിവ്യൂ നടത്തുന്നതാണ്. ആകെ 86 സ്ഥാപനങ്ങൾ ഉണ്ടെന്നാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ഇതിൽ 55 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയോ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം നേടുകയോ ചെയ്തിട്ടുണ്ട്. ബാക്കി 31 സ്ഥാപനങ്ങൾക്കെതിരെ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. അർഹതയില്ലാത്ത സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തി വയ്ക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. അടച്ചു പൂട്ടുകയോ, അംഗീകാരം നേടുകയോ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | ഇല്ല |
| കൊല്ലം | 4 |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 7 |
| ഇടുക്കി | 3 |
| കോട്ടയം | 4 |
| എറണാകുളം | 5 |
| തൃശ്ശൂർ | 6 |
| പാലക്കാട് | 5 |
| മലപ്പുറം | 7 |
| കോഴിക്കോട് | 4 |
| വയനാട് | 7 |
| കണ്ണൂർ | ഇല്ല |
| കാസർഗോഡ് | 1 |
| **ആകെ** | **55** |

| | | | |
|---|---|---|---|
| (സി) | അനാഥാലയങ്ങളിൽ ലഭ്യമാകുന്ന തദ്ദേശ/വിദേശ സാമ്പത്തിക പ്രോജക്ടുകളിൽ നിന്നുമുള്ള വരുമാന ലഭ്യത കണക്കാക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വിശദമാക്കുമോ? | (സി) | അനാഥാലയങ്ങൾക്ക് തദ്ദേശമായിട്ടുള്ള സാമ്പത്തിക പ്രോജക്ട് നിലവിലുള്ള ഗ്രാന്റ് ഇൻ എയ്ഡ് സ്കീമിൽ ഉള്ളതാണ്. ഇത് സർക്കാർ ബഡ്ജറ്റിലൂടെ പഞ്ചായത്ത് രാജ് സംവിധാനം വഴി നൽകി വരുന്നതാണ്. വിദേശ സാമ്പത്തിക പ്രോജക്ടുകളിൽ നിന്നുള്ള ധനസഹായം ഫോറിൻ കോൺട്രിബ്യൂഷൻ പ്രകാരമുള്ള റഗുലേഷൻ ആക്ട് പ്രകാരമാണ് നിർവ്വഹിക്കപ്പെടുന്നത്. ഇത് സംബന്ധിച്ച വിവരങ്ങൾ അതാത് സംഘടനകൾ ആഭ്യന്തര വകുപ്പിനാണ് സമർപ്പിക്കുന്നത്. ഇതിന്റെ ലഭ്യതയും വിനിയോഗവും നിർവ്വഹിച്ചുവരുന്നത് സെൻട്രൽ ഹോം മിനിസ്ട്രിയാണ്. |

സെക്ഷൻ ഓഫീസർ